# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T1261 03.12.2018 ൽ മറുപടിക്ക്**

## പയ്യന്നൂർ കോടതി സമുച്ചയ നിർമ്മാണത്തിനുള്ള സാങ്കേതികാനുമതി

**ചോദ്യം**
**ശ്രീ.സി.കൃഷ്ണൻ**

**മറുപടി**
**ശ്രീ.ജി.സുധാകരൻ**
**(ബഹു:പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

| ചോദ്യം | മറുപടി |
| --- | --- |
| (എ) പയ്യന്നൂർ കോടതി സമുച്ചയ നിർമ്മാണത്തിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് വ്യക്തമാക്കുമോ ;<br>(ബി) സാങ്കേതികാനുമതി ലഭിക്കുവാൻ കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;<br>(സി) പ്രസ്തുത വിഷയം സംബന്ധിച്ച ഫയൽ ഏത് വകുപ്പിൽ ഏത് സെക്ഷനിൽ ഏത് ഉദ്യോഗസ്ഥനാണ് നിലവിൽ കൈകാര്യം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ; | (എ), (ബി) & (സി) പയ്യന്നൂർ കോടതി സമുച്ചയത്തിന്റെ ഭരണാനുമതി 28.03.2018-ലെ G.O (Rt) No. 890/2018/Home ഉത്തരവ് പ്രകാരം 14 കോടി രൂപയ്ക്ക് നല്കിയിട്ടുണ്ട്. ഇതിന്റെ AR Drawing തയ്യാറാക്കി ഹൈക്കോടതിയിൽ നിന്നും അനുമതി വാങ്ങുകയും Structural design തയ്യാറാക്കാനായി മണ്ണുപരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. മണ്ണ് പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിയുടെ സ്ട്രക്ചറൽ ഡ്രോയിംഗ് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽ തയ്യാറാക്കി വരുന്നു. ആയത് ഒരു മാസത്തിനകം പൂർത്തിയാക്കി 2019 ജനുവരി മാസത്തോടെ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്. |
| (ഡി) ശേഷിക്കുന്ന നടപടികൾ പൂർത്തീകരിച്ച് സാങ്കേതികാനുമതി എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ഡി) ഒരു മാസത്തിനകം നൽകാൻ കഴിയുന്നതാണ്. |

**സെക്ഷൻ ഓഫീസർ**